നമ്പർ ക്യൂ.ഐ.പി.(1)01/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 27.03.2017

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം 2016-17 - വാർഷിക പരീക്ഷ സംബന്ധിച്ച്.

സൂചന:

31.03.2017 ന് വാഹന പണിമുടക്ക് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ അഞ്ചാം ക്ലാസ്സിലെ അടിസ്ഥാനശാസ്ത്രം, ഏഴാം ക്ലാസ്സിലെ ഒന്നാം ഭാഷ, എട്ടാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം എന്നീ പരീക്ഷകൾ 30.03.2017 വ്യാഴാഴ്ച രാവിലെ നിലവിൽ നിശ്ചയിച്ചിട്ടുള്ള പരീക്ഷകൾക്കൊപ്പം നടത്തേണ്ടതാണ്. നിലവിൽ 30.03.2017 ന് രാവിലെ നടത്താൻ നിശ്ചയിച്ചിട്ടുള്ള പരീക്ഷകളും, അഞ്ചാം ക്ലാസ്സിലെ അടിസ്ഥാനശാസ്ത്രം, ഏഴാം ക്ലാസ്സിലെ ഒന്നാംഭാഷ, എട്ടാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം എന്നീ പരീക്ഷകളും രാവിലെ 9 മണിക്ക് ആരംഭിച്ച് 12 മണിക്കകം പൂർത്തിയാകുന്ന രീതിയിൽ സ്കൂൾതല ക്രമീകരണങ്ങൾ നടത്തുവാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രഥമാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ / ഉപജില്ലാ ഓഫീസർമാർക്കും
എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ ഓഫീസർമാർ മുഖേന)
കരുതൽ ഫയൽ.